# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 841** — **09/08/2017 -ൽ മറുപടിയ്ക്ക്.**

## ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ ഡി.കെ. മുരളി<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് 2017-18-ൽതാഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1 ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം -495 ലക്ഷം<br>2 തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം.<br>3 ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം<br>4 എം.എസ്.ഡി.പി. -4179 ലക്ഷം<br>5 കാറ്റിൽ ഫീഡ് സബ്സിഡി -1400 ലക്ഷം<br>6 ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം -2585 ലക്ഷം<br>7. ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം -25 ലക്ഷം<br>8 വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി -25 ലക്ഷം<br>**ആകെ -9775 ലക്ഷം** |

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപറയുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**മലബാർ മേഖലാ യൂണിയൻ**

1) കിടാരി സംരക്ഷണ പദ്ധതി

2) നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ എന്നിവിടങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.

3) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി

4) പച്ചപ്പുല്ലും, മറ്റു ഉൽപാദനോപാധികളും മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി

5) ഫാം സപ്പോർട്ട് പദ്ധതി വഴി ഡയറി ഫാമുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

**തിരുവനന്തപുരം മേഖലാ യൂണിയൻ**

1) കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
2) മിനി ഡയറി പദ്ധതി
3) കാലിത്തൊഴുത്ത് നവീകരണം
4) ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5) അകിടുരോഗ നിർമ്മാർജനം
6) ക്ഷീരസംഘം ജീവനക്കാർക്കായുള്ള ഇൻസെന്റീവ്

**എറണാകുളം മേഖലാ യൂണിയൻ**

1. ഉൽപാദകർക്ക് വേനൽക്കാല ഇൻസെന്റീവ്
2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50

പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്

3. ബാങ്ക് വായ്പ എടുത്ത്

പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2000/- രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി,

4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി,
5. കറഞ്ഞ നിരക്കിൽ വൈക്കോൽ കർഷകർക്ക് എത്തിച്ച നൽകൽ ഡയ റിഫാമുകളുടെ യന്ത്രവൽ ക്കരണത്തിന് ധനസഹായം,
7. ബന്ധപ്പെട്ട വകുപ്പുകളുടെ ധനസഹായത്തോടെ പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടഗുണഭോക്താക്കൾക്ക് കറവപശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതി

(ബി) പാലുല്പാദനത്തിൽ എത്ര വർഷത്തിനകം സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

ബി) പാലുല്പാദനത്തിൽ 2018 അവസാനത്തോടെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നു.

(സി) ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി ചർച്ച ചെയ്യുന്നതിന് 'ക്ഷീരകർഷക പാർലമെന്റ്' ചേർന്നിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

സി) 2016-2017 വാർഷിക പദ്ധതി പ്രകാരം പട്ടാമ്പിയിൽ വച്ച് നടത്തിയ സംസ്ഥാന ക്ഷീരകർഷക സംഗമത്തിൽ സംസ്ഥാനത്തെ 162 ക്ഷീരവികസന യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കർഷകരെ സംഘടിപ്പിച്ചുകൊണ്ട് 'ക്ഷീരകർഷക പാർലമെന്റ്' സംഘടിപ്പിക്കുകയും ഇതിൽ ഉയർന്നുവന്ന

അഭിപ്രായങ്ങൾകൂടി 2017-2018 ലെ പദ്ധതി രൂപീകരണത്തിൽ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.